# GOVT.HIGH SCHOOL PLAVOOR

DIGITAL MAGAZINE

# WINTER ROSES

2018- 2019



# EDITORIAL BOARD MEMBERS:

ആദിത്യൻ .പി

അൻസൽ . എസ്

അശ്വന്ത്.എസ്.അജിത്ത്

വിശ്വജിത്ത് .യു.വി.നായർ

ദേവിക .എ .ജെ

അദിന .എസ്.അജയ്

അമൃത .എം .റ്റി

സ്വപ്ന പ്രിയ. പി.എസ്

അക്ഷര.എൽ.എസ്

# സന്ദേശം



*ഹൈടെക് വിദ്യാഭ്യാസം ആർട്ടിഫിഷ്യൽ ഇൻറലിജസിലേക്ക് ചിറകു വിടർത്തിപ്പറക്കുമ്പോൾ, ഒപ്പം പാറിപ്പറക്കാൻ തയ്യാറെടുക്കുന്ന പ്ലാവൂർ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ ആദ്യ സംരഭമായ ഡിജിറ്റൽ മാഗസിൻ ഉയരങ്ങളിൽ എത്തിച്ചേരട്ടെ.....*

**ഹെഡ്മിസ്ട്രസ്സ്**

# ഉള്ളടക്കം


| | |
|---|---|
| സത്യദീപം | 5 |
| ക്രൂടണയും വേഴാമ്പൽ | 7 |
| അഹങ്കാരിയായ പ്ലാവ് | 8 |
| മഹാപ്രളയം | 10 |
| ഞാറുകൾ കെട്ടിയെറിഞ്ഞേ | 13 |
| മഴയെ സ്നേഹിച്ച പെൺകുട്ടി | 13 |
| എന്റെ അധ്യാപികയുടെ വില | 16 |
| മാലിന്യത്തിന്റെ സ്വന്തം നാട് | 18 |
| ഇന്നത്തെ കടമ | 21 |
| തേക്കടിയുടെ മടിത്തട്ടിൽ | 23 |
| വൈദ്യുത വാഹനങ്ങൾ | 28 |

കവിത

# സത്യദീപം



**അഖിലേഷ് എ**

IX C

എന്നുള്ളിൽ ജ്വലിക്കും സത്യദീപമേ

നീ എന്നിൽ എന്നും പ്രകാശിക്കണമേ

നീ എന്നിൽ എന്നുടെ തോഴനായ്


എന്നിൽ വിളങ്ങണമേ

സത്യമാർഗ്ഗവും ധർമവും തിരിച്ചറിയാൽ

എന്നെ പഠിപ്പിക്കണമേ

സത്യമേ നീയെന്ന എന്നും

നയിക്കണമേ



സത്യമായി നന്മയായ് നീയെന്നും

എൻ ഹൃദയത്തിൽ വസിക്കണമേ

സത്യദീപമേ നീ എന്നും

നയിക്കണമേ.



യാത്രാ വിവരണം

# കൂടണയും വേഴാമ്പൽ

അപർണ മോഹൻ, IX D

ഞങ്ങൾ കാട്ടുവഴികളിൽ ആൺ വേഴാമ്പൽ കൂടണയുന്നതും കാത്തിരിപ്പായിരുന്നു. ഞങ്ങളുടെ സാന്നിദ്ധ്യമെങ്ങാൻ ശ്രദ്ധയിൽപ്പെട്ടാൽ ഒരുപക്ഷേ, ആൺ പക്ഷിയുടെ സ്വതന്ത്രവിഹാരത്തിന് അത് തടസ്സമായേക്കാം. അതുകൊണ്ട് കാട്ടുപാതയിൽ വാഹനം ഒതുക്കി ഒളിഞ്ഞിരിപ്പായ ഞങ്ങളുടെ തലയ്ക്ക് മുകളിലൂടെ കാടാകെ പ്രകമ്പനംകൊള്ളിക്കുന്ന ശബ്ദവീചികൾ സൃഷ്ടിച്ചുക്കൊണ്ട് പെട്ടെന്നാണ് ആൺപക്ഷി പറന്നെത്തി കൂടിന് വെളിയിൽ സ്ഥാനമുറപ്പിച്ചത്. അതീവ ശ്രദ്ധയോടെയാണ് ഓരോ ചലനവും. തല എല്ലാ ദിശകളിലേക്ക്ും താളാത്മകമായി ചലിപ്പിച്ച് പരിസരം സൂക്ഷ്മമായി നിരീക്ഷിച്ച് സുരക്ഷിതത്വം ഉറപ്പുവരുത്തിയസേഷം കൂടിന്റെ വാതിൽപ്പഴുതിൽ വലിയ ചുണ്ടുകൾകൊണ്ട് മുട്ടി തന്റെ വരവറിയിക്കുന്നു. പിന്നെ, ചുണ്ടിൽ കരുതിവെച്ച തീറ്റ പ്രേമപൂർവം



കുട്ടിലേക്ക് നിക്ഷേപിക്കുന്നു. സംതൃപ്തിയോടെ ചുണ്ടുകൾ

വൃത്തിയാക്കിയതിനുശേഷം ആ വേഴാമ്പൽ കൂടണയുകയാണ്.

കഥ

# അഹങ്കാരിയായ പ്ലാവ്

ശിവാനി ശിവൻ, IX C



പണ്ട് പണ്ട് ഒരു പ്ലാവുണ്ടയിരുന്നു. ആ പ്ലാവിൽ ഒരു ചക്കയും നിറയെ ഇലകളും ഉണ്ടായിരുന്നു. ആ ചക്ക



കൊത്തിതിന്നാൽ വന്ന കിളികൾ പറഞ്ഞു 'ഹായ് എന്തുനല്ല പ്ലാവ് എന്ത് നല്ല ചക്ക' ഇതുകേട്ട പ്ലാവിന് അഹങ്കാരംതോന്നി. പ്ലാവ് വേഗം വനദേവതയെ സമീപിച്ചു. വനദേവത പ്ലാവിന്റെ മുന്നിൽവന്നു. നിനക്ക്

എന്ത് വരമാണ് വേണ്ടത് എന്ന ചോദിച്ചു. പ്ലാവ് പറഞ്ഞു 'എനിക്ക് ഇലകൾ വേണ്ട ഇലകൾ എല്ലാം ചക്കകൾ ആയി മാറണം'. ഇതുകേട്ട വനദേവത പ്ലാവിന് ആ വരം കൊടുത്തു. പെട്ടെന്ന് പ്ലാവിന്റെ ഇലകളെല്ലാം ചക്കകളായി മാറി. ആ ഭാരം താങ്ങാതെ പ്ലാവ് ഒടിഞ്ഞുവീണു.

**ഗുണപാഠം: ഇതിൽനിന്ന് എന്തുമനസ്സിലായി കൂട്ടുകാരെ - അഹങ്കാരം ആർക്കും നന്നല്ല.**

ലേഖനം

# മഹാപ്രളയം



ദേവിക എ.ജെ, IX D

2018 ആഗസ്റ്റ് 16 കേരളത്തിന് ഒരിക്കലും മറക്കാത്ത, മറക്കാൻ കഴിയാത്തദിനം. ദിനരാത്രങ്ങൾ കുത്തൊഴുക്കിന്റെ നടുവിൽ തള്ളി നീക്കിയ മലയാളി വല്ലാതെ ഭയന്നു. 1924 ന് ശേഷം ഇതുവരേയും



ഇങ്ങനെയൊരു ദുരന്തം നമുക്ക് നേരിടേണ്ടിവന്നിട്ടില്ല. അതുപോലുള്ള പ്രളയക്കാഴ്ചകൾ ചിത്രങ്ങളിൽ കണ്ട് അമ്പരന്നിട്ടുള്ളവരാണ് നാം . എന്നാൽ, സ്വന്തം വീട്ടുമുറ്റത്തേക്ക് പ്രളയജലം ഇരച്ചെത്തിയപ്പോൾ നോക്കി നിൽക്കാനെ കഴിഞ്ഞുള്ളൂ. മലപ്പുറത്ത് റോഡ് രണ്ട് പാളിയായി വലിയ ഗർത്തമായത് നമ്മൾ കണ്ടു. പൊതുവേ സുഖകരമാണ് നമ്മുടെ കാലാവസ്ഥ. എന്നാൽ, ഇന്ന് കാലാവസ്ഥാ വ്യതിയാനത്തിന്റെ പിടിയിലാണ് നമ്മൾ. പ്രളയത്തിന് കുറച്ചുനാൾ മുൻപ് ഓഖി എന്ന വമ്പൻ ചുഴലിക്കാറ്റ് കേരളക്കരയിൽ

വീശിയടിച്ചിരുന്നു. അതിൽ ധാരാളം പേർ മരണപ്പെടുകയും ചെയ്തു. ഇതിനെല്ലാം കാരണം അറബിക്കടലാണ്. അറബിക്കടലിലെ ചൂടിനനുസരിച്ച് കേരളം മുങ്ങുന്നു. ഏറെക്കുറെ കടലെടുത്തെന്നാണ് എല്ലാവരുടേയും അഭിപ്രായം. പരശുരാമൻ മഴുവെറിഞ്ഞ് കേരളത്തെ കരയാക്കി എന്നാണ് ഐതീഹ്യം. പരശുരാമൻ ഇനി ഒരുവരവ്കൂടി വരേണ്ടിവരുമോയെന്ന് ആർക്കറിയാം. കലിതുള്ളിയ പേമാരിക്ക് മുന്നിൽ നൂതന സാങ്കേതിക വിദ്യകൾപോലും തോറ്റുപോയി. ഒരു പൊതിച്ചോറിനായി മുറവിളികൂട്ടിയ എത്രയോ മനുഷ്യർ. ജീവൻ കയ്യിലെടുത്ത് ഹെലികോപ്റ്ററുകളേയും കൊച്ചു ബോട്ടുകളേയും കാത്തുനിന്നു. അത്രയുംനാൾ കൂട്ടിവച്ച സമ്പാദ്യം മുഴുവൻ കൺമുന്നിൽ തകർന്നടിയുന്നത് കാണ്ടേിവരുന്നത് എത്രയോ ദയനീയമാണ്. പ്രകൃതി രമണീയമായ കുട്ടനാട് പോലെയുള്ള താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിനടിയിലായി. മാലിന്യം സംസ്കരിക്കാനുള്ള ബുദ്ധിമുട്ട് കാരണം നമ്മൾതന്നെയാണ് അവ നദികളിൽ വലിച്ചെറിഞ്ഞത്. ഗതിതെറ്റി ഒഴുകിയ പുഴകൾ വഹിച്ചുകൊണ്ടുവന്ന ചെളിയും മാലിന്യവും വീട്ടുകൾക്കുള്ളിൽ നിക്ഷേപിച്ചു. 'മാലിന്യം വലിച്ചെറിയരുത്' എന്ന് എഴുതിയിരിക്കുന്നിടത്ത് നിസ്സംശയം മാലിന്യസംസ്കരണം ഭംഗിയായി നടത്തുന്ന മലയാളിക്ക് ഇതൊരു പാഠമാണ്. പണത്തിന്റെ പേരിൽ അഹങ്കരിച്ചിട്ടുകാര്യമില്ല. ക്ഷണനേരംകൊണ്ട് എല്ലാം നശിക്കും. ആബാലവൃദ്ധം ജനങ്ങളെയും സഹായിക്കാൻ മുന്നിട്ടിറങ്ങിയത് ഒരുകൂട്ടം ചെറുപ്പക്കാരാണ്.

'തല കുമ്പിട്ട യുവത്വം' എന്ന് പറഞ്ഞ് പുതിയ തലമുറയെ കളിയാക്കാറുണ്ട്. എന്നാൽ, പുതിയ തലമുറ സാമൂഹിക പ്രതിബദ്ധതയുടെ മികച്ച ഉദാഹരണമാണെന്ന് തെളിഞ്ഞ ദിവസങ്ങളാണ് കടന്നുപോയത്. നവമാധ്യമങ്ങൾ രക്ഷാപ്രവർത്തനത്തെ വളരെയേറെ സഹായിച്ചു.

എന്നാൽ, വികസനങ്ങളുടെ ബാക്കിപത്രമാണ് ഇതുപോലുള്ള പ്രകൃതി ദുരന്തങ്ങൾ. മണ്ണും വിണ്ണും കയ്യടക്കിവയ്ക്കാൻ മനുഷ്യന് വലിയ മോഹമാണ്. പ്രകൃതിയെ നശിപ്പിച്ചുകൊണ്ടുള്ള വികസനം

മാനവരാശിയുടെ മുഴുവൻ നാശത്തിന് വഴിവയ്ക്കും. അറബിക്കടലിൽ പൊതുവേ തണുത്ത ജലമാണ്. എന്നാൽ, ഫാക്ടറികളിൽ നിന്നും അമിത അളവിൽ തള്ളുന്ന കാർബൺ ഡൈ ഓക്സൈഡ് ജലത്തിന്റെ ചൂട് കൂട്ടുന്നു. ഇത് ന്യൂനമർദത്തിനും, തുടർന്ന് ചുഴലിക്കാറ്റിനും കാരണമാകും. ഈ ചുഴലിക്കാറ്റ് സംഹാരതാണ്ഡവമാടിക്കൊണ്ട് സ്ഥലങ്ങളിലൂടെ കടന്നുപോകുന്നു. ലുബാൻ ചുഴലിക്കാറ്റാണ് അടുത്ത് നമ്മളെ കാത്തിരിക്കുന്നത്. ഓരോന്നിനും പുതിയ പേര് കണ്ടുപിടിച്ച് മനുഷ്യർ മറ്റ് രാജ്യങ്ങളിൽ ഒളിക്കുന്നു. ഇതിനൊക്കെ ഇരയാവുന്നത് പാവം ജനങ്ങളും. ഓഖി, സാഗർ, ലുബാൻ... ഇനി അടുത്ത് എന്താണെന്ന് അറിയില്ല. മനുഷ്യർ പ്രകൃതിയോട് കാണിക്കുന്ന ക്രൂരതയ്ക്കുള്ള മറുപടിയാണ് ഇവ. ഇനിയൊരു പ്രളയക്കെടുതി കൂടി താങ്ങാനുള്ള കരുത്ത് കൊച്ചുകേരളത്തിനില്ല.

കേരളത്തിന്റെ ഹരിതാഭയും പ്രകൃതി ഭംഗിയും വെള്ളം കയറിയ നിലയിലാണ്. അതിനെ വീണ്ടെടുക്കാൻ നമുക്ക് ഒരുമിച്ച് പരിശ്രമിക്കാം. പ്രകൃതിയൊന്ന് ഉറഞ്ഞുതുള്ളിയാൽ മനുഷ്യർ ഒന്നുമല്ല എന്ന സത്യം മനസ്സിലാക്കി സഹജീവികളെ സ്നേഹിക്കാം. ജപ്പാനിൽ, വീശിയടിച്ച ജെബി കൊടുക്കാറ്റ് വാഹനങ്ങളെ കളിപ്പാട്ടങ്ങൾപോലെ കൂട്ടിയിട്ടിരിക്കുന്ന കാഴ്ച പത്രത്തിൽ കണ്ടതാണ്. അതുപോലെ കേരളത്തിൽ സംഭവിക്കാതിരിക്കട്ടെ.നിലയില്ലാക്കയത്തിൽ മുങ്ങുന്ന കേരളത്തെ വീണ്ടെടുക്കാം.



നാടൻപാട്ട്

# ഞാറുകൾ കെട്ടിയെറിഞ്ഞേ

**അപർണ മോഹൻ ആർ.**, IX D



മാരിമഴകൾ നനഞ്ഞേ - ചെറു

വയലുകളൊക്കെ നിറഞ്ഞേ,

പൂട്ടിയൊരുക്കിപ്പറഞ്ഞേ - ചെറു

ഞാറുകൾ കെട്ടിയെറിഞ്ഞേ

ഓമല, ചെന്തില, മല - ചെറു

കണ്ണമ്മ, കാളി, കറുമ്പി

വന്നു നിരന്നവർ നിന്നേ - കെട്ടി

ഞാറെല്ലാം കെട്ടിപ്പകുത്തേ

ഒപ്പത്തിൽ നട്ടുകരേറാ - നവർ

കുത്തിയെടുത്തു കറുനിഞ്ഞേ.



കഥ

# മഴയെ സ്നേഹിച്ച പെൺകുട്ടി



**ഉത്തര നായർ ബി.എസ്.**, IX B

ഒരുഗ്രാമത്തിൽ ഒരു കൊച്ചുവീട്ടിൽ ഒരു കൊച്ചുപെൺകുട്ടിയുണ്ടായിരുന്നു. അവൾ വളരെ സുന്ദരിയായിരുന്നു. നല്ല ഒരു മനസ്സിന്റെ ഉടമയായിരുന്നു. അവളും അച്ഛനും അമ്മയും മാത്രമടങ്ങിയ ഒരു കൊച്ചു കുടുംബം. സഹോദരങ്ങൾ ആരുംതന്നെയില്ലാത്തതിനാൽ അവൾ പ്രകൃതിയെ വളരെയേറെ സ്നേഹിച്ചിരുന്നു. അവൾ 'മഴ'യെ വളരെയധികം സ്നേഹിച്ചു, ഇഷ്ടപ്പെട്ടു. പക്ഷേ, അവൾക്ക് ആ മഴയെ ആസ്വദിക്കാൻ കഴിയുക യില്ലായിരുന്നു. കാരണം, ശരീരം നിശ്ചലമായി ഒരേ കിടപ്പുതന്നെ തുടരുന്ന ഒരു ദുരിതമടഞ്ഞ ജീവിത-മായിരുന്നു അവളുടേത്. അവൾ ശരീരം തളർന്ന ഒരു



പെൺകുട്ടിയായിരുന്നു. എന്നിരുന്നാലും, ആ പെൺകുട്ടിയുടെ മനസ്സിന് യാതൊരുവിധ തളർച്ചയൊന്നുംതന്നെയില്ലായിരുന്നു.

ഒരേയൊരു മകളായതുകൊണ്ടുതന്നെ അവളെ ആ അച്ഛനും അമ്മയും ഏറെ സ്നേഹിച്ചു. സ്വന്തം ജീവനേക്കാളും ഏറെ അവർ മകളെ സ്നേഹംകൊണ്ട് വീർപ്പുമുട്ടിച്ചു. പക്ഷേ, എന്നും ഒരു തീരാവേദനയായി തങ്ങളുടെ മകളുടെ ദൗർഭാഗ്യം ആ അച്ഛനേയും അമ്മയേയും വളരെയേറെ വേദനിപ്പിച്ചു. അവർ ആ പെൺകുട്ടിയെ പല ആശുപത്രികളിലും പല വൈദ്യരേയും ഒക്കെ കൊണ്ടുപോയി കാണിച്ചു. പക്ഷേ, അവർക്കാർക്കുംതന്നെ പെൺകുട്ടിയെ എഴുന്നേല്പിക്കാൻ കഴിഞ്ഞില്ല.

പെൺകുട്ടിയ്ക്ക് നാല് വയസ്സായതുമുതലാണ് അവളുടെ ശരീരചലനം നഷ്ടമായതും അവളെ തളർച്ച ബാധിച്ചതും. ഇന്ന് അവൾക്ക് 10 വയസ്സായിക്കഴിഞ്ഞു. തന്റെ മുറിയിൽ ജനാലയ്ക്കടുത്താണ് അവളുടെ സ്ഥാനം. അത് അവളുടെ വാശിതന്നെയാണ്. 'തനിക്ക് അനുഭവിച്ചറിയാൻ കഴിയാത്ത സൗന്ദര്യം കാണണം' എന്നുള്ള വാശി. 'മഴ'യെ ഏറെ സ്നേഹിച്ച പെൺകുട്ടിക്ക്, തന്റെ ഓർമ്മയിൽ താൻ ഒരുതവണ മഴയെ അനുഭവിച്ചതായേ ഓർമ്മയുള്ളൂ. അതും ദുഃഖം നിറഞ്ഞ മനസ്സോടെ. അമ്മയുടേയും അച്ഛന്റെയും വഴക്കുംകേട്ട്. ആ മഴയനുഭവം ഒരിക്കലും അവളെ തൃപ്തിപ്പെടുത്തുകയോ സന്തോഷിപ്പിക്കുകയോ ഒന്നുംതന്നെ ചെയ്തില്ല. പിന്നീട്,

മഴയെക്കുറിച്ചുള്ള കേട്ടറിവ് അവളുടെ മനസ്സിൽ ഒരു ആകാംക്ഷയും കൊതിയും ഉണ്ടാക്കി. വലിയ മഴ പെയ്യുമ്പോൾ, ആ മഴയെ ആസ്വദിക്കണം, അതിന്റെ ഭംഗി അറിയണം, എന്നെല്ലാം അവൾ ആഗ്രഹിച്ചു. പക്ഷേ, അവൾക്ക് എഴുന്നേൽക്കാൻ കഴിയില്ലല്ലോ എന്ന സങ്കടം മാത്രം.


എന്നാലും, അവൾ വിട്ടുകൊടുത്തില്ല. ഓരോ വലിയ മഴയിലും അവൾ കൈകാലുകൾ ചലിപ്പിക്കാനും എഴുന്നേൽക്കാനും ശ്രമിച്ചുകൊണ്ടേയിരുന്നു. അങ്ങനെ, ഒരുപാട് വർഷങ്ങളിലെ പരിശ്രമത്തിനുശേഷം അവൾ എഴുന്നേറ്റു. അവൾ ആഗ്രഹിച്ചതുപോലെ 'മഴ'യെ അവൾ മനസ്സുനിറയുംവരെ ആസ്വദിച്ചു. മഴയിൽ നീന്തിത്തുടിച്ചു. ഇതുകണ്ട അച്ഛന്റേയും അമ്മയുടേയും മനസ്സും സന്തോഷിച്ചു. സന്തോഷംകൊണ്ട് അവരുടെ കണ്ണുകൾ നനയുകയും ചെയ്തു. തങ്ങളുടെ വർഷങ്ങൾക്കുശേഷമുള്ള കാത്തിരിപ്പിനൊടുവിൽ, ആ സന്തോഷം അവരെത്തേടിയെത്തിയിരുന്നു, മകളുടെ ആ പഴയ തിരിച്ചുവരവ്. ജീവിതത്തിലേക്കുള്ള പുതിയ കാൽവെപ്പ്. മകളുടെ ജീവിതം തിരിച്ചുനൽകിയ മഴയെ അവരും വളരെയേറെ ഇഷ്ടപ്പെട്ടു.ഇതിലെല്ലാത്തിലുമുപരി, തന്റെ ജീവിതവും തന്റെ സുഖങ്ങളും തന്റെ സന്തോഷങ്ങളും എല്ലാം തിരികെതന്ന മഴയ 'തന്റെ സ്വന്തം കൂടെപ്പിറപ്പായി' അവൾ

കാണുകയുണ്ടായി.

' ആ പെൺകുട്ടി തന്റെ ജീവിതം നേടിയെടുത്തത് 'മഴ'യെ സ്നേഹിച്ചും എന്നെങ്കിലും അതിനെ നിറഞ്ഞ മനസ്സോടെ ആസ്വദിക്കണം എന്ന ഒരു പ്രതീക്ഷയിലൂടെയുമാണ്. ആ പെൺകുട്ടിയുടെ ജീവിതം തിരികെ നൽകിയ, തന്റെ ജീവിതത്തെ മാറ്റി മറിച്ച ഒന്നായിരുന്നു 'മഴ'. മഴയിലൂടെ തനിക്ക് കിട്ടിയ ജീവിതത്തിലുടനീളം അവൾ ആ മഴയ സ്നേഹിച്ചു. ചിലപ്പോൾ പുഞ്ചിരിച്ചും ചിലപ്പോൾ കലിതുള്ളിയും നിൽക്കുന്ന ആ 'മഴ'യെ സ്നേഹിച്ച പെൺകുട്ടി...' നാമോരോരുത്തരേയും പോലെ മഴയിൽ തന്റെ ജീവിതവും തന്റെ സുഖങ്ങളും തന്റെ സന്തോഷങ്ങളും എല്ലാം അറിഞ്ഞ പെൺകുട്ടി. അവളായിരുന്നു അത്... ആ 'മഴയെ സ്നേഹിച്ച പെൺകുട്ടി'.

<u>ചെറുകഥ</u>

# എന്റെ അധ്യാപികയുടെ വില



**മിഥുൻമോഹൻ,** IX E

അന്നാദ്യമായി ഞാൻ സ്കൂളിൽ ചേർന്ന ദിവസം, പുത്തൻ ഉടുപ്പിട്ട്, പുതിയ സ്കൂൾ ബാഗും അതിൽ കുറച്ച് ബുക്കുകളുമായി സ്കൂളിന്റെ പടിവാതിൽ കടന്ന് ക്ലാസ്റൂമിലെത്തി. ആദ്യമായതുകൊണ്ടാകും. എന്റെ സന്തോഷം അളവറ്റതായിരുന്നു. നീണ്ട കാർകൂത്തലിൽ തുളസിക്കതിർ ചൂടി, സെറ്റ് സാരിയുടുത്ത്, വിടർന്ന കണ്ണുകളുമായി എന്റെ ക്ലാസിലേക്ക് ഒരു സ്ത്രീ കടന്നുവന്നു. ക്ലാസ്സിലെ പുത്തൻകൂട്ടുകാർ എഴുന്നേറ്റ് വന്ദിച്ചു. അപ്പോഴാണ് എനിക്ക് അതെന്റെ ക്ലാസ് ടീച്ചറാണ് എന്ന് മനസ്സിലായത്. ടീച്ചർ വളരെ സ്നേഹനിധിയായിരുന്നു. സ്വന്തം അമ്മയെപ്പോലെ ടീച്ചർ എന്നെ സ്നേഹിച്ചു.



കുറച്ചുദിവസം കഴിഞ്ഞപ്പോൾ ടീച്ചർ സ്ഥിരമായി ക്ലാസിൽ വരാതായി. അങ്ങനെയിരിക്കെ ഒരുദിവസം പുതിയൊരു ടീച്ചർ ക്ലാസിലേക്ക് വന്നു. ടീച്ചർ പറഞ്ഞത് കേട്ടപ്പോൾ എന്റെ കണ്ണുനീരിനെ എനിക്ക് നിയന്ത്രിക്കാൻ കഴിയാതായി. അമ്മയെപ്പോലെ ഞങ്ങളെ സ്നേഹിച്ച ഞങ്ങളുടെ ടീച്ചർ സ്ഥലംമാറിപ്പോയി. അന്നേരമാണ് അമ്മയെപ്പോലെ ഞങ്ങളെ സ്നേഹിച്ച ഞങ്ങളുടെ അധ്യാപികയുടെ വില ഞങ്ങൾക്ക് മനസ്സിലായത്.

ലേഖനം

# മാലിന്യത്തിന്റെ സ്വന്തം നാട്



**വിസ്മയ, IXD**

നിങ്ങൾക്കറിയാമല്ലോ കൂട്ടുകാരേ ദൈവത്തിന്റെ സ്വന്തം നാടായ കേരളം ഇന്ന് ചെകുത്താന്റെ നാടാണ്. മാലിന്യകൂമ്പാരങ്ങളൂടെ ഓരോ കുന്നുകൾ നമ്മുടെ നാടിന്റെ മുക്കിലും മൂലയിലും വളരുന്നു. നമ്മൾ മലയാളികളാണ് ഇതിനെല്ലാം കാരണം . നാം ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കാണ് ഇതിലേറ്റവും വലിയ വില്ലൻ . ഏകദേശം പത്തഞ്ഞൂറ് വർഷങ്ങൾക്ക് മുമ്പാണ് പ്ലാസ്റ്റിക്ക് കണ്ടുപിടിച്ചത് . എന്നാൽ അക്കാലത്ത് കണ്ടുപിടിച്ച പ്ലാസ്റ്റിക്കിന്റെ അവശിഷ്ടങ്ങൾ ഇന്നും ഗവേഷകർ കണ്ടുപിടിച്ചിരിക്കുകയാണ് . ഇന്ന് പല രാജ്യങ്ങളിലും പ്ലാസ്റ്റിക്ക് നിരോധിച്ചിരിക്കുകയാണ് . പ്ലാസ്റ്റിക്ക് എന്ന വിഷവസ്തു ഒരിക്കലും മണ്ണിൽ ലയിച്ചുചേരുന്നില്ല . കത്തിച്ചു കളയുകയാണ് ഏക വഴി . എന്നാൽ അത് കത്തിക്കുമ്പോൾ പുറത്തുവരുന്ന വിഷവാതകങ്ങൾ കാൻസറിന് കാരണമാവുന്നു .

അതിനാൽ Refuse, Reduce, Recycle[3Rs] തത്ത്വം പാലിക്കാം . പ്ലാസ്റ്റിക്കിനെ പ്രകൃതിസൗഹൃദപരമായി ഉപയോഗിച്ചുകൊണ്ട് കേരളത്തെ തിരിച്ചുകൊണ്ടുവരാം...... ശുചിത്വ കേരളം സുന്ദര കേരളം.

ലേഖനം

# ഇന്നത്തെ കടമ



**അക്ഷര എൽ എസ് ,ആര്യ എം ബി : IX**

ഇന്ന് തിരക്കേറിയ ജീവിതമാണല്ലോ ഓരോ വ്യക്തിക്കും ഒട്ടേറെ കാര്യങ്ങളാണ് ചെയ്തു തീർക്കാനുണ്ടാവുക. ജോലിയില്ലാതെ കഴിച്ചുകൂട്ടാൻ വയ്യാതതുകൊണ്ട് മിക്കവരും ഉദ്യോഗം നോക്കുന്നു. വിദ്യാർത്ഥികൾക്ക് പകൽ മുഴുവൻ വിദ്യാലയത്തിൽ കഴിക്കേണ്ടിവരുന്നു. ജോലിക്കാരായവർക്ക് ജോലി സ്ഥലത്തും പോകേണ്ടിവരുന്നു. അതുകൊണ്ട് ഉത്തരവാദിത്ത്വങ്ങൾ വളരെ കൂടുതലാണ് . സ്വകാര്യ ജീവിതത്തിന്റെയും ഔദ്യോഗിക ജീവിതത്തിന്റെയും ചുമതലകൾ ഒന്നിച്ച് വരുമ്പോൾ വളരെ സൗകര്യത്തോടെ ചെയ്ത് അവസാനിപ്പിക്കാൻ കഴിയാതെയും വരാം.

ഇത്തരം സന്ദർഭങ്ങളിൽ നമ്മളിലേറെപ്പേരും കാര്യങ്ങൾ നീട്ടികൊണ്ടുപോവുകയാണ് പതിവ് . അതാത് ദിവസത്തെ ചുമതലകൾ അന്നന്ന് തീർക്കുന്നതിന് പകരം തുടർന്ന് വരുന്ന രണ്ടോ

മൂന്നോ ദിവസങ്ങളെകൊണ്ട് മുഴുവനാക്കുന്നു. ഒട്ടുമിക്ക ആളുകളും ഈ ശൈലിയാണ് പിൻതുടരുക. പക്ഷേ, നാം അറിയുന്നില്ല ഈ ശൈലിക്കും അതിന്റേതായ ദോഷങ്ങളുണ്ട്. ഒന്നാമത്തെ ദോഷം ചിലതൊക്കെ അടിയന്തിര സ്വഭാവമുള്ള കാര്യങ്ങളായിരിക്കാം എങ്കിൽ അത് നീട്ടിവെയ്ക്കുന്നത് ആപത്താണ്. മറ്റുചിലത് പെട്ടെന്ന് പരിഹരിക്കാൻ പറ്റാത്തതായിരിക്കാം.

അത് നീട്ടിവെച്ചാലും ആപത്ത് തന്നെ. അത്തരം കുഴഞ്ഞ് മറിഞ്ഞ കാര്യങ്ങൾ ഒരു വലിയ ഭാരം തന്നെ. അത് ചിന്തിക്കുന്തോറും മനസമ്മർദ്ദം കൂടുകയും സമാധാനം നഷ്ടപ്പെടുകയും ചെയ്യും. ഇങ്ങനെ ഭാരിച്ചകാര്യങ്ങൾ ചെയ്തു തീർക്കേണ്ടി വരുമ്പോഴാണ് ഉറക്കം പോലും നഷ്ടപ്പെടുന്ന വിഷമാവസ്ഥ.

ഏതു കാര്യമായാലും ചെയ്യാനുലള്ളത് അന്നന്ന് ചെയ്തു തീർക്കുുക.

**യാത്രാവിവരണം**

# തേക്കടിയുടെ മടിത്തട്ടിൽ



**അംശുത എ എസ് (10 B)**

**1/8/2017** ചൊവ്വാഴ്ച്ച എന്റെ പുതിയ സ്കുൾ ജീവിത്തിലെ മറക്കാത്ത ദിനങ്ങളിൽ ഒന്നായിരുന്നു.1,2,3 തീയതികളിലായി ഇടുക്കി ജില്ലയിലെ തേക്കടിയിലേക്കുള്ള പെരിയാർ കടുവ സംരക്ഷണ കേ ത്തിൽ 39 കുട്ടികളും 5 അധ്യാപകരുമടങ്ങുന്ന സംഘത്തിന്റെ കാടിനെയും മൃഗങ്ങളെയും അറിയാനുള്ള പഠനയാത്രയുടെ തുടക്കം 1300 ൽ പരംവിദ്യാർത്ഥികൾ പഠിക്കുന്നൊരു ഗവൺമെന്റ് സ്കൂളിൽ നിന്നും 39 കുട്ടികളിൽ കഴിനിന്നും ഒരാളായി ഈ കാടിന്റെ ഉള്ളറയി ലേക്കയിറങ്ങാൻ കഴിയുന്ന ക്യാമ്പിൽ ത്തിയിരുന്നു. 5.15 നകംഞങ്ങളും അധ്യാപകരും അശ്വതി ട്രാവൽസ് എന്ന എയർ ബസ്സിൽ കയറി.നമ്മൾ കൊല്ലത്തെത്തിയപ്പോൾ തണുത്തകാറ്റും പച്ചവിരിച്ചുനിൽക്കുന്ന വൃക്ഷങ്ങളും ചെറു ചാറ്റൽമഴയും തട്ടുതട്ടായിട്ടുള്ള പൈനാപ്പിൾ തോട്ടവും വലയിട്ടുനിൽക്കുന്ന റംബൂട്ടാൻ വൃക്ഷവുമെല്ലാം എശനവപനിക്ക് പുതിയ ദൃശ്യാനുഭവം നൽകി.നമ്മൾ പുനല്ലുർ പാലവും ജഡായു പാറയും ക.എല്ലാവരും ബാഗുമെടുത്ത് ബസ്സ് നിർത്തിയിരുന്നടുത്ത് നിന്നു.ആ ഉച്ചനേരത്തും തണുപ്പ് അനുഭവപ്പെട്ടു

.ഒരു 3 മണിക്ക് നമ്മൾ പെരിയാർ കടുവാ സംരക്ഷണ സ്ഥലത്തെത്തിയത്.മുളങ്കാടുകളും റിസോർട്ടുകളും കാണാം . ആദ്യം തന്നെ ഒരു ഗൈഡ് ഞങ്ങളെ വരവേറ്റു . ലോഡ്ജിൽ പോയി. അവിടത്തെ മുറികൾ തേനീച്ചകൂടിന്റെ രൂപഭംഗിയുള്ളതായിരുന്നു . കുളിച്ച് ചായയും ഇലയടയും കഴിച്ചശേഷം ഞങ്ങൾക്ക് പെരിയാറിനെ കുറിച്ചും കടുവ സങ്കേതത്തെ കുറിച്ചും സാർ ക്ലാസെടുത്തു . കടുവകളുടെ വീഡിയോകൾ കാണിച്ചു തന്നു. നാലുമണിക്കുതുടങ്ങിയ ക്ലാസ് എട്ടുമണിക്കകം അവസാനിച്ചു . തുടർ ന്നുള്ള മൂന്ന് ദിനങ്ങൾ ര ചിചി സകരമായിരുന്നു . പക്ഷിനിരീക്ഷണവും പാർക്ക്സന്ദർശനവും ഉണ്ടായിരുന്നു . അവസാന ദിവസം കാട് സന്ദർശിച്ചിരുന്നു. യാത്രക്കിടെ വർഷത്തിലൊരിക്കൽ തുറക്കുന്ന ടിപ്പുസുൽത്താന്റെ കാലത്തെ പ്രസിദ്ധമായ മംഗനളാദേവിക്ഷേത്രം കണ്ടു.കരിങ്കൊരങ്ങുകളെയും മലമുഴക്കി വേഴാമ്പലുകളെയും കണ്ടു . ധാരാളം ആദിവാസികളെ കാണാനായി . എല്ലാവരും തിരികെ ലോഡ്ജിൽ പോയി . തിരികെ വരാനായി ബസിൽ കയറി . ഇനിയും പെരിയാർ കടുവാ സങ്കേതം കാണാൻ കഴിയുമോ എന്ന ചിന്ത എന്നിൽ ഉയർന്നു .സന്ധ്യക്കു മുൻപുതന്നെ ബസ്സിൽ ഡാൻസും പാട്ടും തുടങ്ങി.എല്ലാവരും പാട്ടിനോത്തു ചുവടുവച്ചു.രാത്രി 12 മണിയോടെ സ്കൂളിൽ എത്തി .എന്നെ വിളിക്കാനായി അച്ഛനെത്തിയിരുന്നു. സ്കൂൾ ജീവിതത്തിലെ മറക്കാനാവാത്ത പഠനയാത്രയായിരുന്നു ഇത്. ഈ ക്യാമ്പ് ഞാൻ എന്റെ മനസ്സിൽ കുറിച്ചിട്ടു.കാടറിയാനും കാടിനെയറിയാനും വേണ്ടിയെള്ളൊരു പഠനയാത്ര.

ലേഖനം

# വൈദ്യുത വാഹനങ്ങൾ

അഭിന.എസ്.അജയ്



നാലാം വ്യവസായിക വിപ്ലവത്തിൽ ശ്രദ്ധേയമാണ് പ്രകൃതിസൗഹൃദപരമായ വൈദ്യുതി വാഹനങ്ങൾ . കാലാവസ്ഥയുടെ തകിടം മറിച്ചിലുകൾക്ക് പ്രധാന കാരണം ആഗോളതാപനമാണ് . അന്തരീക്ഷത്തിലെ കാർബണിന്റെ അളവ് വർധിക്കുന്നതാണ് ഇതിന് കാരണം . വാഹനങ്ങളുടെ വർധനവാണ് ഈ രംഗത്തെ വില്ലൻമാർ . എന്നാൽ വാഹനങ്ങളില്ലാത്ത ലോകത്തെ പറ്റി ഇന്ന് നമുക്ക് ചിന്തിക്കാൻ കഴിയില്ല . EV എന്ന് നമ്മൾ വിളിക്കുന്ന ഇലക്ട്രിക്ക് വാഹനങ്ങൾ ഇന്ന് റോഡുകൾ കീഴടക്കുന്നു . ഫോസിൽ ഇന്ധനങ്ങൾക്ക് പകരം ഇവ വൈദ്യുതി ഇന്ധനമാക്കി ഓടുന്നു . റീചാർജബിൾ ബാറ്ററിയായ ലിഥിയം ഐയോൺ ബാറ്ററിയാണ് ഇതിൽ ഉപയോഗിക്കുന്നത് .




പേരിന് പോലും പുക പുറത്ത്വിടാത്ത ഇ-വാഹനങ്ങൾ അന്തരീക്ഷമലിനീകരണം ഉണ്ടാക്കുന്നില്ല . പെട്രോൾ ഇറക്കുമതി ഇനത്തിൽ ഇന്ത്യക്ക് വൻ ലാഭമുണ്ടാകും . ഇവയ്ക്ക് തേയ്മാനവും അറ്റകുറ്റപണിയും കുറവായിരിക്കും .വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കാൻ കേന്ദ്ര സർക്കാർ നടപ്പാക്കി വരുന്ന പദ്ധതിയാണ് NEMMP 2020 . ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുന്ന രാജ്യങ്ങളിൽ ചാർജിംഗ് സ്റ്റേഷനുകൾ ഉണ്ടായിരിക്കും . ഇവ കണ്ടുപിടിക്കാൻ സഹായിക്കുന്ന മൊബൈൽ ആപ്പുകൾ വികസിപ്പിക്കുന്നു .

ഇന്നത്തെയും നാളത്തെയും വാഹനങ്ങൾ എന്നാണ് ഇ-വാഹനങ്ങളെ ശാസ്ത്രലോകം വിശേഷിപ്പിക്കുന്നത് . ഈ ദൗത്യം വിജയിപ്പിക്കാൻ ഒരുമിച്ച് പരിശ്രമിക്കാം


Thank You